എമ്മാവൂസ്

# വചനമൊരുത്

Vol.31 / Issue - 47 / 28 May 2017

ഉയിർപ്പ് 5-ാം ഞായർ വി. മാർക്കോ 16:14-20



# സുവിശേഷത്തിന് സാക്ഷികളാകാം

ബ്ര. അഗസ്റ്റിൻ മഞ്ഞക്കുന്നേൽ

ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷത്തിന്റെ ഉപസംഹാരമാണ് ഇന്നത്തെ ധ്യാനവിഷയം. ഈ സുവിശേഷം 16, 8 ൽ സമാപിക്കുന്നു എന്നാണ് ബൈബിൾ പണ്ഡിതാക്കൾ പൊതുവെ അഭിപ്രായപ്പെടുന്നത്. ശവകുടീരത്തിങ്കൽ വന്ന സ്ത്രീകൾ ഭയന്ന് ഓടി, അവർ ആരോടും ഒന്നും പറഞ്ഞില്ല എന്ന പ്രസ്താവനകൊണ്ട് സുവിശേഷം അവസാനിപ്പിക്കുന്നത് ഭംഗിയല്ല എന്നു കരുതി പിൽക്കാലത്തു കൂട്ടിച്ചേർത്തതാണ് ഉത്ഥിതന്റെ ദർശനവും സ്വർഗ്ഗാരോഹണവും ഉൾക്കൊള്ളുന്ന ഈ ഉപസംഹാരം എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഉത്ഥിതനായ ഈശോ തന്റെ ഇഹലോക ജീവിതം അവസാനിപ്പിച്ച് പിതാവിന്റെ സന്നിധിയിലേക്ക് പോവുകയാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രബോധനത്താലും പ്രവൃത്തിയാലും ഭൂവാസികളെ വഴിനടത്തി രക്ഷയുടെ മാർഗ്ഗം തെളിയിച്ചു. കാൽവരിയിൽ സ്വജീവൻ അവർക്കായി നൽകി. ദൈവരാജ്യമെന്ന ആ സ്വപ്നം; പിതാവിൽ നിന്നും ലഭിച്ച ആ ദൗത്യം ഇനിയും പകർത്തിയാക്കാൻ ബാക്കി നിൽക്കുന്നു. ഇനി എന്താണു ചെയ്യുക? ഉത്ഥിതൻ തന്റെ ശിഷ്യരെ അടുത്തുവിളിച്ച് തന്റെ ആശങ്ക അവരുമായി പങ്കുവയ്ക്കുകയും ഇനിയും ഭൂവാസികളെ പ്രകാശിപ്പിക്കാനുള്ള ദൗത്യം അവരെ ഭരമേൽപ്പിക്കുകയും ചെയ്യുകയാണ്. ആ സുവിശേഷ ഭാഗമാണ് നാമിന്ന് പരിചിന്തന വിഷയമാക്കി മാറ്റുന്നത്. പുണ്യചരിതനായ 23-ാം യോഹന്നാൻ പാപ്പ ഇങ്ങനെ കുറിക്കുന്നു. "ഈ ലോകത്തിൽ ഓരോ വിശ്വാസിയും പ്രകാശത്തിന്റെ ഒരു സ്ഫുലിംഗവും സ്നേഹത്തിന്റെ ഒരു കേന്ദ്രവും സഹജീവികളുടെയിടയിൽ ജീവസംദായകമായ പുളിമാവും ആയിരിക്കണം."

ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷമറിയിക്കാനാണ് ഈശോ ശിഷ്യരെ ചുമതലപ്പെടുത്തുന്നത്. സുവിശേഷപ്രഘോഷണം ഒരു പ്രാപഞ്ചികമാനം ഉൾക്കൊള്ളുന്നുണ്ട്. സൃഷ്ടപ്രപഞ്ചം മുഴുവനുമാണ് ക്രിസ്തുവിന്റെ വരവിനാൽ നവീകരിക്കപ്പെട്ടത്.

ലോകമെങ്ങും എന്നത് ഈശോ ശിഷ്യർക്ക് നൽകിയ രക്ഷയുടെ സദ്വാർത്ഥ ഇസ്രായേൽ ജനത്തിന് മാത്രമുള്ളതല്ലെന്നും അത് ലോകത്തിന് മുഴുവനുമായി നൽകപ്പെട്ടതാണെന്നുമുള്ള വസ്തുത സ്പഷ്ടമാക്കുന്നു. ജറുസലെമിൽ ആരംഭിച്ചതും ലോകത്തിന്റെ അതിർത്തികൾ വരെ വ്യാപിക്കുന്നതുമായ സാർവ്വദേശീയതയുടെ മാനമുൾക്കൊള്ളുന്നതാണ് ദൈവരാജ്യം. അതോടൊപ്പം, ഈ ദൗത്യം ആദിമസഭയിലാരംഭിച്ചതും യുഗാന്ത്യംവരെ തുടരുന്നതുമായ സർവ്വകാലീനതകൂടി ഉൾക്കൊള്ളുന്നതാണ്.

ഈശോയുടെ വചനമാണ് പ്രസംഗിക്കേണ്ടത്. പ്രസംഗിക്കുക എന്നത് ഒരേസമയം ജീവിതസാക്ഷ്യവും അധരങ്ങളിലൂടെയുള്ള പ്രഘോഷണവും ഉൾക്കൊള്ളുന്നതാണ്. ജീവിക്കാത്ത സുവിശേഷം സുവിശേഷമാകുന്നില്ല. പ്രഘോഷിക്കപ്പെടാത്ത സുവിശേഷം മറ്റുള്ളവർക്ക് സദ്വാർത്തയാകുന്നുമില്ല. “ആരെങ്കിലും ആവശ്യപ്പെട്ടാൽ മാത്രം ക്രിസ്തുവിനെപ്പറ്റി പറയുക. എന്നാൽ ക്രിസ്തുവിനെപ്പറ്റി ആളുകൾ ചോദിക്കാത്തക്കവിധം ജീവിക്കുക” എന്ന് പോൾ ക്ലാനഡെൻ പറയുന്നുണ്ട്. വിശുദ്ധ ചാൾസ് ഡി ഫുക്കോർട്ട് മിഷനറി നമ്മെ ഓർമ്മപ്പെടുത്തുന്നു. “പിരമുകളിൽ നിന്ന് സുവിശേഷം പ്രഘോഷിക്കുക എന്നത് നിന്റെ വിളിയുടെ ഭാഗമാണ്. എന്നാൽ വാക്കുകൊണ്ടല്ല, നിന്റെ ജീവിതം വഴിയായിരിക്കണം.” വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പറയുന്നു: “എനിക്ക് എങ്ങനെ വിശപ്പടക്കാൻ അപ്പം കിട്ടിയെന്ന് ഒരു ദരിദ്രൻ മറ്റൊരു ദരിദ്രനോട് പറയുന്നതാണ് സുവിശേഷ പ്രഘോഷണം.” യേശുവിനെ നൽകലാണത്.

ഉത്ഥിതനായ ഈശോ ശിഷ്യസമൂഹത്തിന് നേരിട്ട് ഭരമേൽപിച്ച ദൗത്യമാണ് സുവിശേഷ പ്രഘോഷണം. ശിഷ്യൻ അപ്പസ്തോലനായിത്തീരുകയാണ് ഇതുവഴിയായി ചെയ്യുന്നത്. ഇതുവരെയും ഗുരുവിനെ അനുഗമിക്കുക മാത്രം ചെയ്തിരുന്ന ശിഷ്യൻ ഇപ്പോൾ മുതൽ ഗുരുവിന്റെ ദൗത്യവാഹകരായി അയയ്ക്കപ്പെടുകയാണ്. സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന പ്രഥമവും പ്രധാനവുമായ ദൗത്യവും ഇതുതന്നെയാണ്. സഭ സ്വഭാവത്താലേ പ്രേഷിതയാണ്. അവൾ സഭയായിത്തീരുന്നത് മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് മിശിഹായെ പ്രഘോഷിക്കുന്നതുവഴിയാണ്. സഭയ്ക്ക് അവളുടെ നാഥൻ ഏൽപ്പിച്ചുകൊടുത്ത ദൗത്യമാണ് സുവിശേഷ പ്രഘോഷണം. ആ ദൗത്യത്തിൽ നിന്ന് പിൻവാങ്ങാൻ സഭയ്ക്കാവില്ല. യേശുവിനെ കണ്ടുമുട്ടുകയും അറിയിക്കുകയും ചെയ്ത എല്ലാവരുടെയും കടമയാണ് അവന് സാക്ഷിയാവുക എന്നത്. എന്നും എപ്പോഴും ജീവിതത്തിൽ കൂടി സുവിശേഷം പ്രഘോഷിച്ച് ക്രിസ്തുവിന് നമുക്ക് സാക്ഷികളായിത്തീരാം. ◆

